II ഇ.ബി.XIV-കേരള നിയമസഭ/IV-10

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മാർച്ച് 13, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

26(*271) 'പച്ചക്കറി വിപണനം'

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, നല്ല കൃഷിമുറകൾ (good agricultural practices) പാലിച്ചുകൊണ്ട് കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിൽ രൂപീകരിക്കപ്പെട്ട 407 ക്ലസ്റ്ററുകളിൽനിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാന കൃഷി വകുപ്പ് 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിഷുവിന് വിപണനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും 'സേഫ് റ്റു ഈറ്റ്' പദ്ധതിയിലുൾപ്പെടുത്തി എല്ലാ ദിവസവും പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 'കേരള ഓർഗാനിക് '

എന്ന ബ്രാൻഡിന്റെ ലോഗോ പ്രകാശനം ഇന്ന് (13-3-2017) വൈകുന്നേരം ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുമെന്നും സഭയെ അറിയിച്ചു. മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുമെന്നും പച്ചക്കറികൾ സംഭരിച്ച് ശീതീകരിച്ച് വിതരണം ചെയ്യുന്നതിനായി കൂൾ ചെയിൻ സിസ്റ്റം ആരംഭിക്കുമെന്നും മട്ടുപ്പാവിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കൃഷി വകുപ്പിന്റെ ഓർഗാനിക് / ഇക്കോ ഷോപ്പുകളിലൂടെ വിതരണം നടത്തുമെന്നും ജൈവ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഗുണനിലവാരമില്ലാത്ത വിത്തുകൾ വിതരണം ചെയ്യുന്ന ഏജൻസികൾക്ക് കർശന നിയന്ത്രണമേർപ്പെടുത്തുന്നതിനും കൃഷി വകുപ്പിന്റെയും കർഷക കൂട്ടായ്മയുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തത്തോടെ അമൂൽ മോഡലിൽ ജൈവപച്ചക്കറി സംഭരണ/വിതരണ ശൃംഖല സൃഷ്ടിച്ചുകൊണ്ട് കൃഷിക്കാർക്ക് ന്യായമായ വിലയും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പച്ചക്കറികളും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. പച്ചക്കറി ഉത്പാദനത്തിനായി നാളിതുവരെ 68 ശതമാനം പ്ലാൻ ഫണ്ട് ചെലവഴിക്കുകയും ഈ വർഷം 85 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതികൾ യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പരമ്പരാഗത കൃഷിക്കാർക്ക് ധനസഹായം

നൽകുന്നതിനും കെ.വി.കെ/അഗ്രോ സർവ്വീസ് സെന്ററുകൾ/ വി.എഫ്.പി. സി.കെ. മുഖേന ഗുണമേന്മയുള്ള ജൈവ വളങ്ങളും കീടനാശിനികളും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയിലൂടെ ജലസ്രോതസ്സ് സംരക്ഷിക്കുന്നതുവഴി കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുമെന്നും ഹോർട്ടികോർപ്പ്വഴി വിതരണം ചെയ്യുന്ന പച്ചക്കറികളുടെ വിലവർദ്ധന ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുമെന്നും ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളെല്ലാം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ജി. എം. സീഡ്സ് ഉപയോഗിച്ചുള്ള പച്ചക്കറി ഉത്പാദനത്തിന് അനുമതി നൽകിയ കേന്ദ്ര സർക്കാർ നടപടിക്കെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഇത്തരം ഉത്പന്നങ്ങളുടെ പരിശോധനയ്ക്കായി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

27(*272) നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതി

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പദ്ധതി, നവകേരളത്തിനായി ജനകീയാസൂത്രണ പദ്ധതിയായി ആരംഭിച്ചിട്ടുണ്ടെന്നും 21-01-2017-ൽ പ്രസ്തുത പദ്ധതിയുടെ

സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചതായും വർദ്ധിച്ച ജനപങ്കാളിത്തത്തോടെയുള്ള ജനകീയാസൂത്രണ പ്രവർത്തനങ്ങളും അതുവഴിയുള്ള നവകേരള സൃഷ്ടിയുമാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയും 2017-18 വാർഷിക പദ്ധതിയും തയ്യാറാക്കുന്നതിനായി ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുകയും നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുകയുമാണ് പ്രധാന ഉദ്ദേശ്യമെന്നും ഉത്പാദനം, നഗരാസൂത്രണം, വിവിധ തലങ്ങളിലെ പദ്ധതികൾ തമ്മിലുള്ള ഏകോപനം, ബഹുതല ആസൂത്രണം, യുവജന പങ്കാളിത്തം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയായിരിക്കും നവകേരളത്തിനായി ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുകയെന്നും വാർഷിക പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ ഉടൻ പുറത്തിറക്കുമെന്നും മന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ/നിർവ്വഹ ണവുമായി ബന്ധപ്പെട്ട ഡി.പി.സി. യോഗങ്ങളിൽ ജില്ലാകളക്ടർമാർ നിർബന്ധ മായി പങ്കെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്.

ഹരിതകേരളം പദ്ധതിയുമായി സംയോജിപ്പിക്കുമെന്നും ഈ സാമ്പത്തിക വർഷം ലഭ്യമാകുന്ന തുക പ്രയോജനപ്പെടുത്തി ജലസംരക്ഷണ പദ്ധതികളും വാട്ടർഷെഡ് മാനേജ്മെന്റ്/വെൽ റീ-ചാർജ്ജിംഗ് പദ്ധതികളും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ജനകീയാസൂത്രണ പ്രവർത്തന നിർവ്വഹണത്തിനായി പി.എസ്.സി. മുഖേന 19 പഞ്ചായത്ത് സെക്രട്ടറിമാരെ നിയമിച്ചതുൾപ്പെടെ 1494 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അഞ്ചു വർഷത്തിനുള്ളിൽ ബ്ലോക്കടിസ്ഥാനത്തിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുമെന്നും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാലതാമസം പരിഹരിക്കുന്നതിനായി സെക്രട്ടറി/എ.ഇ./ബന്ധപ്പെട്ട കോൺട്രാക്ടർ എന്നിവർക്ക് ഐ.ഒ.സി.യിൽനിന്ന് നേരിട്ട് ടാർ വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടെന്നും രണ്ടാം ജനകീയ ആസൂത്രണ പദ്ധതിയിലൂടെ ജനകീയ സമിതികൾക്ക് പുതിയ സംരംഭങ്ങൾ ഏറ്റെടുക്കുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകുമെന്നും ഡി.പി.സി. യോഗം കൂടുന്നതിലുണ്ടായ കാലതാമസംമൂലം പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് മലപ്പുറം മണ്ഡലത്തിൽ നിലനിൽക്കുന്ന പ്രശ്നം പ്രത്യേക കേസായി പരിഗണിച്ച് തീർപ്പാക്കുന്നതാണെന്നും സമയബന്ധിതമായി പാദാടിസ്ഥാനത്തിൽ പദ്ധതി തുക ചെലവ് ചെയ്യണമെന്നുള്ള നിഷ്കർഷയാണ് സ്വീകരിച്ചിട്ടുള്ളതെന്നും 'ലൈഫ്' പദ്ധതിയുടെ ധനസമാഹരണ മാർഗ്ഗം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുമെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം തുടങ്ങിയശേഷം പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രോജക്ടുകളുടെ മുഴുവൻ തുകയും അടുത്ത വർഷത്തേയ്ക്ക് ക്യാരിഓവർ ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതാണെന്ന് ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി വ്യക്തമാക്കി.

28(*273) <u>മാരിടൈം ബോർഡ്</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, 17/12/2014-ൽ കേരള നിയമസഭ പാസ്സാക്കി ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച കേരള സ്റ്റേറ്റ് മാരിടൈം ബോർഡ് ബില്ലിലെ ന്യൂനതകൾ ഒഴിവാക്കി പുതിയ ബിൽ സമർപ്പിക്കാനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ബിൽ കേന്ദ്ര സർക്കാർ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ പുനരുജ്ജീവിപ്പിക്കുക, ഇന്ത്യൻ തുറമുഖ ചട്ടങ്ങളനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കാര്യങ്ങൾ നിർവ്വഹിക്കുക, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനം നൽകുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അഞ്ച് സംസ്ഥാനങ്ങളിലായി

നടപ്പിലാക്കിയ മാരിടൈം ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിച്ചാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ ഗതാഗത സർവ്വീസ് ആരംഭിക്കുന്നതിനും സ്വകാര്യ വ്യക്തികൾ കയ്യേറിയ തുറമുഖ വകുപ്പിന്റെ സ്ഥലം സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കോസ്റ്റ് ഗാർഡ്, തീരദേശസേന, കസ്റ്റംസ്, നേവി തുടങ്ങിയ വിഭാഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

29(*274) <u>റോഡ് സുരക്ഷാ അതോറിറ്റി</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മോട്ടോർ വാഹനം, ആഭ്യന്തരം, പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം, ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും NATPAC മുതലായ അനുബന്ധ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് റോഡ് സുരക്ഷ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

അതോറിറ്റി യോഗങ്ങളിൽവച്ച് അവലോകനം നടത്താറുണ്ടെന്നും ഓരോ യോഗത്തിലും മുൻയോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ നടപ്പിലാക്കൽ വിലയിരുത്താറുണ്ടെന്നും 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടനുസരിച്ച് വർഷത്തിൽ രണ്ട് തവണ അതോറിറ്റി യോഗം ചേരാറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'റോഡ് സേഫ്റ്റി എഡ്യൂക്കേഷൻ ത്രൂ സ്കൂൾ - ഫെയ്സ് 2' എന്ന പദ്ധതിക്കായി NATPAC-ന് ഒരു കോടി രൂപയും 2016-17-ലെ ശബരിമല സെയ്ഫ്സോൺ പ്രോജക്ടിനായി മോട്ടോർ വാഹന വകുപ്പിന് 71,46,400/- രൂപയും നെടുമങ്ങാട്, വെമ്പായം, പോത്തൻകോട്, മാർക്കറ്റ് ജംഗ്ഷൻ, പഴകുറ്റി എന്നിവിടങ്ങളിലെ ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനായി പോലീസ് വകുപ്പിന് 42,77,321/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പൂജപ്പുര ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റിനും പൂജപ്പുര ബയോടെക്നോളജി റോഡിൽ വാണിംഗ് ബ്ലിങ്കേഴ്സ് സ്ഥാപിക്കുന്നതിനുമായി പോലീസ് വകുപ്പിന് 13,92,087/- രൂപയും വയനാട് ടൗൺ പരിസരത്തും സ്കൂൾ മേഖലകളിലും തെർമോ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് അടയാളപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് 3,66,038/- രൂപയും ദേശീയപാത 66-ലെ കൃഷ്ണപുരം-പുതിയകാവ് റോഡിൽ ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾക്കായി

പൊതുമരാമത്ത് വകുപ്പിന് 65 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. റോഡ് സേഫ്റ്റി ഫർണിച്ചറിനും തെർമോ പ്ലാസ്റ്റിക് പെയിന്റിംഗിനും ദേശീയപാത 966-ൽ റോഡ് സേഫ്റ്റി പ്രവർത്തനങ്ങൾക്കുമായി പൊതുമരാമത്ത് വകുപ്പിന് 3,45,000/- രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാഹന ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകർക്കുമുള്ള പരിശീലനം, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് മുഖേന സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന റോഡ് സുരക്ഷാ പരിശീലനം തുടങ്ങിയവയ്ക്കായി മോട്ടോർ വാഹന വകുപ്പിന് 15 കോടി രൂപ അനുവദിക്കുന്നതുൾപ്പെടെയുള്ള നിരവധി പുതിയ പദ്ധതികൾക്ക് അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. മോട്ടോർ വാഹന/പോലീസ് വകുപ്പുകൾ പിഴയായി ഈടാക്കുന്ന തുകയുടെ 50 ശതമാനവും ഒറ്റത്തവണ വാഹന സെസ്സിൽ നിന്നും ഈടാക്കുന്ന തുകയുമാണ് അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സെന്നും റീ-അപ്രോപ്രിയേഷൻ മുഖേന ബഡ്ജറ്റ് വിഹിതമായാണ് ഈ തുക വകയിരുത്തപ്പെടുന്നതെന്നും മേൽപ്പറഞ്ഞ വിധമുള്ള തുകയിൽ ഇതുവരെ റോഡ് സുരക്ഷാ അതോറിറ്റിക്ക് 173,12,00,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് അനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വകയിരുത്തുന്നത്

പൊതുമരാമത്ത് വകുപ്പിനാണെന്നും ഇതുസംബന്ധിച്ച് നിയമ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അപകട മേഖലകളിൽ സ്ഥാപിച്ചിരിക്കുന്ന പ്രവർത്തനരഹിതമായ സി.സി.ടി.വി. ക്യാമറകളുടെ അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. റോഡപകടവുമായി ബന്ധപ്പെട്ട് 4,18,896 വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വൈപ്പിൻ മണ്ഡലത്തിലെ യാത്രാക്ലേശം ഉൾപ്പെടെയുള്ളവ പരിഹരിക്കാനായി സമർപ്പിച്ച പ്രോജക്ട് റോഡ് സുരക്ഷാ അതോറിറ്റിയുടെ പരിഗണനയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ അനധികൃത പാർക്കിംഗിനെതിരെ പൊതുമരാമത്ത് / മോട്ടോർ വാഹന വകുപ്പുകൾ സംയുക്ത പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3092 മുതൽ 3382 വരെയുള്ള ചോദ്യങ്ങളിൽ 175 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)